കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളിലെയും പതിനഞ്ച് സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് NIDA പദ്ധതി പ്രകാരം 26,19,00,000/-(ഇരുപത്തിയാറ് കോടി പത്തൊൻപത് ലക്ഷം) രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2193/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09/08/2018

പരാമർശം :- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16/01/18 തീയതിയിലെ ഇ 7/4871/17/റ്റി.ഡി.പി നം. കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളിലെയും പതിനഞ്ച് സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് NIDA പദ്ധതി പ്രകാരം 26,19,00,000/- (ഇരുപത്തിയാറ് കോടി പത്തൊൻപത് ലക്ഷം) രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് പ്ലാൻ ഫണ്ടിൽ നിന്നും 26,19,00,000/- രൂപ ഒരുമിച്ച് ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ നബാർഡിൽ നിന്നും പ്രസ്തുത വായ്പ ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചത് എന്നും ജില്ലാ പഞ്ചായത്തിന് തനത് വരുമാനം ഇല്ലാത്ത സാഹചര്യത്തിൽ വായ്പാ തുക നിയമാനുസൃത പലിശ സഹിതം ജില്ലാ പഞ്ചായത്തിന് ലഭ്യമാകുന്ന പ്ലാൻ ഫണ്ടിൽ നിന്നും 10 തവണകളായി ഉറവിടത്തിൽ നിന്നും കിഴിവ് വരുത്തി തിരിച്ചടവാക്കുമെന്നും, നിർമ്മാണം പൂർത്തിയാക്കിയ ശേഷം ആശുപത്രി പേവാർഡുകളിൽ നിന്നും വാടകയിനത്തിൽ ലഭ്യമാകുന്ന തുകയിൽ 10% മെയിന്റനൻസ് കഴിച്ചുള്ള തുകയും, വായ്പാ തിരിച്ചടവിന് ഉപയോഗിക്കുമെന്നും ആയതിനാൽ വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി കൂടി നൽകി വായ്പ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. NIDA പദ്ധതി പ്രകാരം തിരിച്ചടയ് ക്കേണ്ടതായ തുക കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി തിരിച്ചു പിടിക്കേണ്ടതും ടി തുക ഒടുക്കുന്നതിനുള്ള ബില്ലുകൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കേണ്ടതുമാണ് എന്ന നിബന്ധനയോടെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻ കീഴിലുള്ള, ചുവടെ ചേർക്കുന്ന രണ്ട് ഗവണ്മെന്റ് ജില്ലാ ആശുപത്രികളിലെയും

പതിനഞ്ച് സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് NIDA പദ്ധതി പ്രകാരം 26.19,00,000/- രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | നെടുമങ്ങാട് ഗവ.ജില്ലാ ആശുപത്രി മന്ദിര സമുച്ചയം (പേ വാർഡ്, പാലിയേറ്റീവ് കെയർ യൂണിറ്റ്, ലാബ് കെട്ടിട നിർമ്മാണം) | 6,25,00,000 |
| 2 | വർക്കല ഗവ. ജില്ലാ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം | 3,00,00,000 |
| 3 | ബാലരാമപുരം ഗവ.ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 4 | പകൽക്കുറി ഗവ.ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 5 | കോട്ടുകാൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 6 | വെള്ളനാട് ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 7 | കുന്തള്ളൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 8 | കാപ്പിൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 9 | മടത്തറക്കാണി ഗവ.ഹൈസ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 10 | കല്ലറ ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 11 | കവലയൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 12 | കീഴാറ്റൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 13 | പൂവാർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 14 | പാറശ്ശാല ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 15 | തരുപുറം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,10,00,000 |
| 16 | വിതുര ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,32,00,000 |
| 17 | ആര്യനാട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 1,32,00,000 |
| | **ആകെ** | **26,19,00,000/- രൂപ** |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (02.06.18, 21.07.18 തീയതികളിലെ 749106/പി.യു-ബി3/28/2018/ധന നമ്പർ കുറിപ്പുകൾ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ